# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5012** **28.10.2016 ൽ മറുപടിയ്ക്ക്**

## കിസാൻ അഭിയാൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.എം.മണി**<br>**ശ്രീ.ആന്റണി ജോൺ**<br>**ശ്രീ.വി.അബ്ദുറഹിമാൻ**<br>**ശ്രീ.കെ.വി.വിജയദാസ്** | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് കിസാൻ അഭിയാൻ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | എ) | കിസാൻ അഭിയാൻ പദ്ധതി ഇപ്പോൾ നിലവിലില്ല. പകരം ചെറുകിട - നാമമാത്ര കർഷകർക്കുള്ള പെൻഷൻ പദ്ധതി 2011-12 ൽ നിലവിൽ വന്നു. |
| ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | ബി) | കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ക്ഷേമവും സുരക്ഷയും ലക്ഷ്യമാക്കി 60 വയസ്സ് തികഞ്ഞ നെൽ കർഷകർക്ക് പ്രതിമാസ പെൻഷൻ ഉറപ്പ് വരുത്തുക എന്നതായിരുന്നു ഉദ്ദേശ്യം. ഒരു ഹെക്ടറിൽ കുറയാത്ത കൃഷിഭൂമിയുള്ള മറ്റ് ക്ഷേമപെൻഷനുകൾ ലഭിക്കാത്തവർക്കാണ് ഈ പെൻഷൻ നൽകിയിരുന്നത്. |
| സി) | പ്രസ്തുത പദ്ധതി പ്രകാരം എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കാമോ; | സി) | പ്രസ്തുത പദ്ധതി പ്രകാരം നൽകി വന്നിരുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1) നെൽ കർഷകർക്ക് പ്രതിമാസം 300/- രൂപ പെൻഷൻ<br>2) പെൺമക്കളുടെ വിവാഹത്തിന് 25000/- രൂപയുടെ ധനസഹായം.<br>3) പെൻഷൻ വാങ്ങുന്നയാൾ മരണമടഞ്ഞാൽ പകുതി പെൻഷൻ (150 രൂപ) കുടുംബ പെൻഷൻ. |
| ഡി) | നിലവിൽ എത്ര കർഷകരാണ് ഈ പദ്ധതിയിൽ അംഗങ്ങളായിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | ഡി) | 13713 കർഷകർ കിസാൻ അഭിയാൻ പദ്ധതിയിൽ ഉണ്ടായിരുന്നു. ഇവരെ കൂടി പിന്നീട് ചെറുകിട-നാമമാത്ര കർഷകർക്കുള്ള പെൻഷൻ പദ്ധതിയിൽ അംഗങ്ങളാക്കുകയും പെൻഷൻ നൽകിവരുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| ഇ) | പ്രസ്തുത പദ്ധതി പ്രകാരം കർഷകർക്ക് വിവാഹ ധനസഹായം നൽകി വരുന്നുണ്ടോയെന്നും എങ്കിൽ ഒരാൾക്ക് എത്ര രൂപയാണ് നൽകുന്നതെന്നും വ്യക്തമാക്കാമോ? | ഇ) | പെൺമക്കളുടെ വിവാഹത്തിന് ധനസഹായമായി 25000/-രൂപ നൽകി വന്നിരുന്നു. |

S. [signature]

**സെക്ഷൻ ഓഫീസർ**